**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2460** **23-02-2026-ൽ മറുപടിയ്ക്ക്**

**<u>കാക്കത്തുരുത്ത് പാലത്തിന്റെ നിർമ്മാണ പുരോഗതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി. ദെലീമ
ശ്രീമതി. ദെലീമ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** കിഫ്ബി മുഖാന്തരം പണം അനുവദിച്ച കാക്കത്തുരുത്ത് പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

**<u>മറുപടി:</u>** അരൂർ മണ്ഡലത്തിലെ കാക്കത്തുരുത്ത് പാലം പദ്ധതിക്ക് 16.03.2019 ൽ കിഫ്ബി 33.144 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ഇതിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുകയും ഉൾപ്പെട്ടിട്ടുണ്ട്. നിലവിൽ പ്രസ്തുത പ്രവർത്തിയുടെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുകയും ഏറ്റെടുത്ത ഭൂമിയിലെ കെട്ടിടങ്ങൾ പൊളിച്ച് മാറ്റുന്ന പ്രവർത്തി പുരോഗമിക്കുകയും ചെയ്യുന്നു എന്ന് പദ്ധതി നിർവഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലും, CRZ ക്ലിയറൻസും ലഭിക്കുന്ന മുറക്ക് പദ്ധതിക്കു സാങ്കേതിക അനുമതി ലഭ്യമാക്കി, കരാർ ചെയ്ത് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പദ്ധതി നിർവ്വഹണ ഏജൻസി സ്വീകരികുന്നതാണ്.

**(ബി)** പ്രസ്തുത പാലം നിർമ്മാണത്തിന് സി.ആർ.സെഡ് ക്ലിയറൻസ് ലഭിച്ചോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** CRZ ക്ലിയറൻസ് ലഭിക്കുന്നതിനുള്ള പഠനത്തിനായി കിഫ്ബിയിൽ നിന്നും അകെ 18 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. CRZ ക്ലിയറൻസ് ലഭിക്കുന്നതിന്റെ ഭാഗമായി KCZMA-ക്ക് Scrutiny fee അടക്കുന്നതിലേക്കായി കിഫ്ബിയിൽ നിന്നും കെ.ആർ.എഫ്.ബി-ക്ക് 27.01.2026-ൽ 10 ലക്ഷം രൂപ നൽകിയിട്ടുണ്ട്. നിലവിൽ KCZMA കമ്മിറ്റി CRZ ക്ലിയറൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**(സി)** സി.ആർ.സെഡ് ക്ലിയറൻസ് ലഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** CRZ ക്ലിയറൻസ് ലഭിക്കുന്നതിലേക്കായി പാരിസ്ഥിതിക ആഘാത പഠനം പൂർത്തീകരിക്കുകയും ആയതിന്റെ റിപ്പോർട്ട് KCZMA ക്കു KRFB സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2461** **23-02-2026-ൽ മറുപടിയ്ക്ക്**

**ഏറനാട് നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. ബഷീർ ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബി ധനസഹായത്തോടെ ഏറനാട് മണ്ഡലത്തിൽ എത്ര രൂപയുടെ ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

**മറുപടി:** ഏറനാട് മണ്ഡലത്തിൽ നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകരിച്ച പ്രവൃത്തികളുടെ അനുവദിച്ച തുക, നിലവിലത്തെ സ്ഥിതി എന്നിവയുൾപ്പടെയുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു. ഈ കാലയളവിൽ അനുമതി നൽകിയ പദ്ധതികളൊന്നും തന്നെ പൂർത്തീകരിച്ചിട്ടില്ല.

**(ബി)** അതിൽ ഭരണാനുമതി നൽകിയ എത്ര പദ്ധതികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും മറ്റ് പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ?

**മറുപടി:** ഏറനാട് മണ്ഡലത്തിൽ നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകരിച്ച പ്രവൃത്തികളുടെ അനുവദിച്ച തുക, നിലവിലത്തെ സ്ഥിതി എന്നിവയുൾപ്പടെയുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു. ഈ കാലയളവിൽ അനുമതി നൽകിയ പദ്ധതികളൊന്നും തന്നെ പൂർത്തീകരിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**